**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണവകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വികേന്ദ്രീകൃതാസൂത്രണം വഴി നൽകുന്ന ഭവനങ്ങൾ പണയപ്പെടുത്തി ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കുന്നതിനുള്ള അനുമതി - കേരള പട്ടികജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷനെക്കൂടി ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

**G.O.(Rt) No.1174/2019/LSGD** **തീയതി, തിരുവനന്തപുരം, 10/06/2019.**

==========================================================================

**പരാമർശം:-**
1) 10/09/2014 ലെ സ.ഉ(സാധാ)2368/14/തസ്വഭവ നമ്പർ ഉത്തരവ്.
2) കേരള പട്ടികജാതി പട്ടിക വർഗ്ഗ വികസന കോർപ്പറഷൻ ചെയർമാന്റെ 13/12/2018 ലെ കത്ത്.
3) 05/02/2019 ലെ കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.30 നമ്പർ തീരുമാനം.

**<u>ഉത്തരവ്</u>**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി വികേന്ദ്രീകൃതാസൂത്രണ പദ്ധതിയിലൂടെ ഭവനം ലഭിക്കുന്ന ഗുണഭോക്താക്കൾക്ക് ഇഎംഎസ് ഭവന പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് അനുവദിച്ചത് പോലെ വീടും സ്ഥലവും പണയപ്പെടുത്തി ഷെഡ്യൂൾഡ് ബാങ്കുകൾ, പൊതുമേഖലാ ബാങ്കുകൾ, സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽ നിന്നും വായ്പയെടുക്കുന്നതിന് പരാമർശം (1) ലെ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. ഈ ഉത്തരവ് കേരള പട്ടികജാതി പട്ടിക വർഗ്ഗ വികസന കോർപ്പറഷനിൽ നിന്നും വായ്പയെടുക്കുന്നതിനും ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കണമെന്ന പരാമർശം (2) ലെ കത്ത് പ്രകാരം കേരള പട്ടികജാതി പട്ടിക വർഗ്ഗ വികസന കോർപ്പറഷൻ ചെയർമാൻ ആവശ്യപ്പെട്ടിരുന്നു.

2) ഇക്കാര്യം 05.02.2019 ലെ കോഓർഡിനേഷൻ കമ്മിറ്റി പരിശോധിച്ചു. കമ്മിറ്റിയുടെ പരാമർശം (3) ലെ തീരുമാനപ്രകാരം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നൽകുന്ന ഭവനങ്ങൾ പണയപ്പെടുത്തി ഷെഡ്യൂൾഡ് ബാങ്കുകൾ, പൊതുമേഖലാ ബാങ്കുകൾ, സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽ നിന്നും വായ്പയെടുക്കുന്നതിന് അനുമതി നൽകിയ പരാമർശം (1) ഉത്തരവിൽ കേരള പട്ടികജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷനെ കൂടി ഉൾപ്പെടുത്തി പരാമർശം (1) ഉത്തരവ് ഭേദഗതി വരുത്തി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫന്

ജോയിന്റ് സെക്രട്ടറി

ചെയർമാൻ, കേരള പട്ടികജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ, തൃശ്ശൂർ
പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമ വികസന കമ്മീഷണർ മുഖേന)
എല്ലാ മുനിസിപ്പൽ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ